വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറ് ഏറ്റെടുത്ത ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിന്റെ സ്കൂളുകൾ

499. [557] ശ്രീ. കെ. കൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിന്റെ ചുമതലയിൽ ഉണ്ടായിരുന്ന സ്കൂളുകൾ വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറ് ഏറ്റെടുത്തത് എന്നാണ്;

(ബി) ഈ സ്കൂളുകൾ ഏറ്റെടുക്കുമ്പോൾ എത്ര അദ്ധ്യാപകർ വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിലേക്ക് വന്നിട്ടുണ്ട്;

(സി) ഇതിൽ ഒരുവിഭാഗം അദ്ധ്യാപകരെ വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൽ റഗുലറൈസ് ചെയ്യാത്തതുനിമിത്തം അവർക്ക് കൃത്യമായി ശമ്പളവും മററാനുകൂല്യങ്ങളും ലഭിക്കുന്നില്ല എന്ന വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ അദ്ധ്യാപകരെ എത്രയുംവേഗം ഡിപ്പാർട്ടുമെൻറിൽ റഗുലറൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 1-5-1965-ൽ

(ബി, സി. & ഡി) വിവരം ശേഖരിച്ചു വരുന്നു.

വന്യമൃഗസംരക്ഷണ കേന്ദ്രത്തിന് വിട്ടുകൊടുക്കുന്ന വനം

500. [559] ശ്രീ. കെ. രാഘവൻ മാസ്ററർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം, കർണ്ണാടകം, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ ഉണ്ടാക്കുന്ന വന്യമൃഗസംരക്ഷണ കേന്ദ്രത്തിന് കേരളം എത്ര ചതുരശ്ര കിലോമീററർ വനമാണ് വിട്ടുകൊടുക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) വന്യമൃഗസംരക്ഷണത്തിന് കേരളം വിട്ടുകൊടുക്കുവാൻ ഉദ്ദേശിക്കുന്ന വയനാട്ടിലെ വനപ്രദേശത്ത് വളരെ അധികം ആദിവാസികൾ താമസിക്കുന്നതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) കൂടുതൽ ഗിരിവർഗ്ഗക്കാർ താമസിക്കുന്ന പ്രദേശം ഈ പദ്ധതിയിൽനിന്ന് ഒഴിവാക്കാമോ;

(ഡി) ഇതുസംബന്ധിച്ച് ഗവൺമെൻറിന് വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതിൻമേൽ ഗവൺമെൻറ് എന്തു നടപടി സ്വീകരിച്ചു?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 344.4 Sq. km. വിസ്തീർണ്ണം വരുന്ന റിസർവ്വ് ഫോറസ്റ്റ് വന്യമൃഗ സങ്കേതമായി (വയനാട്) ഗവൺമെൻറ് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ സങ്കേതം കേരളഗവൺമെൻറിൻെറ അധീനത്തിലായിരിക്കും.

(ബി) ഉണ്ട്.

(സി) ഗിരിവർഗ്ഗക്കാരുടെ യാതൊരു അവകാശങ്ങളും ഈ വന്യമൃഗ സങ്കേതംകൊണ്ട് തടസ്സപ്പെടുന്നതല്ല. അതുകൊണ്ട് ഗിരിവർഗ്ഗക്കാർ താമസിക്കുന്ന പ്രദേശം ഈ പദ്ധതിയിൽനിന്നും ഒഴിവാക്കാൻ തൽക്കാലം ഉദ്ദേശമില്ല.

(ഡി) കെ. രാഘവൻ മാസ്ററർ എം. എൽ. എ., നൂൽപ്പുഴ പഞ്ചായത്ത് പ്രസിഡൻറ് എന്നിവരിൽനിന്ന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(ഇ) ഈ നിവേദനങ്ങൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

**മേജർ പാലങ്ങൾ**

501. [560] ശ്രീ. പി. പി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ന് പ്രവർത്തി പുരോഗമിച്ചുവരുന്ന മേജർ പാലങ്ങൾ എത്ര എണ്ണമാണെന്നും, അവയുടെ പ്രവർത്തി ഏതേതു സ്റേറജിലാണെന്നും പറയാൻ കഴിയുമോ;

(ബി) ഭാരതപ്പുഴക്ക് ലെക്കടിയിൽ നിർമ്മിച്ച പാലത്തിൻെറ അപ്രോച്ച് റോഡിൻെറ പ്രവർത്തിക്ക് റയിൽവേയുടെ സഹകരണം ലഭിക്കാത്തതിൻെറ ഫലമായി ഉണ്ടായ സ്തംഭനം ഒഴിവാക്കാൻ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 25 പാലങ്ങളെ സംബന്ധിച്ച് വിവരം ലഭിച്ചിട്ടുണ്ട്, അവയുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്*. തിരുവനന്തപുരം ബിൽഡിംഗ്സ് ഡിവിഷൻ, തലശ്ശേരി വെസ്ററ്-കോസ്ററ് റോഡ്സ് ഡിവിഷൻ എന്നിവയെപ്പററിയുള്ള വിവരം ലഭിച്ചിട്ടില്ല.

(ബി) അപ്രോച്ചു റോഡിൽ സ്ഥാപിക്കേണ്ട ലെവൽക്രോസിങ്ങിനെ സംബന്ധിച്ച് റെയിൽവേ അധികാരികൾ തീരുമാനമെടുത്തിട്ടില്ല. ഇക്കാര്യത്തെപ്പററി ഉന്നത നിലവാരത്തിൽ സമ്പർക്കം പുലർത്തിയിട്ടുണ്ട്.

---

* Appendix—VIII

2/2178/G.

LIBRARY ARCHIVES Kerala Legislative Assembly